(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മത്സ്യമേഖലയെ ഒരു വ്യവസായ മേഖലയാക്കി വളർത്തിയെടുക്കാൻ പദ്ധതി

*3 [654] *ശ്രീ. മഞ്ഞളാംകുഴി അലി:*

" *മത്തായി ചാക്കോ:*

" *എ. സി. മൊയ്തീൻ:*

" *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയെ ഒരു വ്യവസായ മേഖലയാക്കി വളർത്തിയെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ലക്ഷ്യം കൈവരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ;

(സി) പദ്ധതികളിൽ ഇതിനകം നടപ്പിൽ വരുത്തിയിട്ടുള്ളവ ഏതൊക്കെ;

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്ക് എന്തുമാത്രം പ്രയോജനം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)* :

(എ) ഉണ്ട്.

(ബി) മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഫിഷിംഗ് ഹാർബറുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം, ആഴക്കടൽ മത്സ്യബന്ധനം, ഐസ് പ്ളാന്റുകൾ, ഫിഷ്മീൽ പ്ളാന്റുകൾ, അലങ്കാര മത്സ്യ കൃഷിയും കയറ്റുമതിയും, സമുദ്രോൽപ്പന്ന കയറ്റുമതി എന്നീ പദ്ധതികൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു. യന്ത്രവൽക്കരണ പദ്ധതി ഫിഷറീസ് മേഖലയിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. മത്സ്യബന്ധനവും മത്സ്യവ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി 'മത്സ്യമേഖലാ വികസന പരിപാലന നയം' രൂപീകരിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധി എത്രയാണെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല:

LIBRARY ARCHIVES Kerala Legislative Assembly